# ‘ഐക്യത്തിൽ തികഞ്ഞവരായിരിപ്പിൻ’

## യോഹന്നാൻ 17:22-23

**“നീ എനിക്കു തന്നിട്ടുള്ള മഹത്വം ഞാൻ അവർക്കു കൊടുത്തിരിക്കുന്നു; നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ സ്നേഹിക്കുന്നതുപോലെ അവരെയും സ്നേഹിക്കുന്നു എന്നും ലോകം അറിവാൻ, നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിന്നു ഞാൻ അവരിലും നീ എന്നിലുമായി അവർ ഐക്യത്തിൽ തികഞ്ഞവരായിരിക്കേണ്ടതിന്നു തന്നെ.”**

യോഹന്നാന്റെ സുവിശേഷത്തിൽ കർത്താവ് റോമൻ പടയാളികളാൽ പിടിക്കപ്പെടുന്നതിനു മുമ്പുള്ള ഒരു സന്ദർഭമായിട്ടാണ് ഇതു രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് പിതാവിനോടുള്ള കർത്താവിന്റെ ഒരു പ്രാർത്ഥനയാണെന്നു നമുക്ക് കാണാം. അദ്ധ്യായം 17 ആദ്യം മുതൽ വായിക്കുമ്പോൾ തന്നെ, താൻ ആരാണെന്നും പിതാവ് തന്നെ അയച്ചിരിക്കുന്നതിന്റെ ഉദ്ദേശ്യം എന്താണെന്നും മനസ്സിലാക്കി തന്നെ അനുഗമിക്കുന്നവർക്കു വേണ്ടി പിതാവിനോട് യാചിക്കുകയാണിവിടെ. വാക്യം 9-ൽ ക്രിസ്തു ഇപ്രകാരം പറയുന്നു “ഞാൻ അവർക്കു വേണ്ടി അപേക്ഷിക്കുന്നു; ലോകത്തിന്നു വേണ്ടി അല്ല; നീ എനിക്കു തന്നിട്ടുള്ളവർ നിനക്കുള്ളവർ ആകകൊണ്ടു അവർക്കു വേണ്ടിയത്രേ ഞാൻ അപേക്ഷിക്കുന്നതു.”

കർത്താവ് ഇവിടെ ഒരു വലിയ കെട്ടുപണിയെക്കുറിച്ചാണ് പറയുന്നത്. പിതാവാം ദൈവം തന്നിൽ നിവേശിപ്പിച്ചിരിക്കുന്ന സകല മഹത്വവും താൻ ഇവർക്കു നൽകിയിരിക്കുന്നു. അത് എന്തിനു വേണ്ടിയാണെന്നു തുടർന്നുള്ള വാക്യങ്ങളിൽ നമുക്ക് കാണാം. അത് പിതാവാം ദൈവമാണ് തന്നെ അയച്ചിരിക്കുന്നത് എന്നും, തന്നെ സ്നേഹിക്കുന്നതു പോലെ തന്നെ പിതാവ് അവരെയും സ്നേഹിക്കുന്നു എന്നും ലോകം അറിയുന്നതിന്നു വേണ്ടിയാണ്. തന്നെ അറിഞ്ഞ്, തന്നിൽ വിശ്വസിച്ച് പിൻപറ്റിയവർക്കു വേണ്ടി കർത്താവ് പിതാവിനോട് എത്ര വലിയ അപേക്ഷയാണ് കഴിക്കുന്നത്. ഇന്ന് അവനിൽ വിശ്വസിച്ച് അവന്റെ രക്തത്താൽ പാപമെല്ലാം മോചിച്ച് കിട്ടി അവന്നു വേണ്ടി നോക്കിപ്പാർക്കുന്നവരായ നാം ഈ ഒരു ഉറപ്പിന്മേലായിരിക്കണം ഈ ലോകത്തിൽ ജീവിക്കാൻ. കാരണം കർത്താവിലുള്ള നമ്മുടെ വിശ്വാസത്തെ തകർക്കുവാനും പിതാവിന്നു നമ്മോടുള്ള സ്നേഹത്തെ നമ്മിൽ നിന്നു മറച്ചു കളയാനുമായിട്ടാണ് സാത്താൻ ഇന്നു ശ്രമിച്ചുകൊണ്ടിരിക്കുന്നത്. തത്ഫലമായി അവൻ നമ്മിൽ നൽകിയിരിക്കുന്ന പിതാവിന്റെ മഹത്വത്തിനു തക്കതായ ഒരു

ജീവിതം നമുക്ക് കാഴ്ചവെയ്ക്കാൻ സാധിക്കാതെ വരികയും നാം അവനിൽ നിന്നകന്നു പോകുകയും ചെയ്യും.

കൊലോസ്സ്യർ 2:9–10–ൽ പറയുന്നു "അവനിലല്ലോ ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നതു. എല്ലാവാഴ്ചക്കും അധികാരത്തിന്നും തലയായ അവനിൽ നിങ്ങൾ പരിപൂർണ്ണരായിരിക്കുന്നു."

പിതാവാം ദൈവം കർത്താവായ ക്രിസ്തുവിൽ നമ്മെ പരിപൂർണ്ണരാക്കിയിരിക്കുന്നു. അത് എന്തിന്നു വേണ്ടി എന്നതാണ് ഇന്നത്തെ നമ്മുടെ വാക്യത്തിന്റെ അവസാനഭാഗത്ത് നാം കാണുന്നത്. 'നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിന്നു ഞാൻ അവരിലും നീ എന്നിലുമായി അവർ ഐക്യത്തിൽ തികഞ്ഞവരായിരിക്കേണ്ടതിന്നു തന്നെ'. പിതാവാം ദൈവവും പുത്രനാം ക്രിസ്തുവും ഒന്നായിരിക്കുന്നതുപോലെ ഇന്നു അവനിൽ വിശ്വസിച്ച് അവന്നു വേണ്ടി കാത്തിരിക്കുന്നവരായ എല്ലാ വിശ്വാസികളും ഒന്നായിരിക്കുന്നതിന്നും അവർ ഐക്യത്തിൽ തികഞ്ഞവരാകേണ്ടതിന്നും തന്നെ. ഇന്നു ലോകത്തിൽ ഈ ഒരുമനെപ്പും ഐക്യവും ഇല്ലാതാക്കാനാണ് സാത്താൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതിൽ അവൻ മിക്കവാറും വിജയം കാണുകയും ചെയ്യുന്നുണ്ട്. കാരണം ലോകത്തിൽ നിന്നും ലോകക്കാരിൽ നിന്നും വേർപ്പെട്ടു നിന്നിരുന്നവരായ വിശ്വാസി സമൂഹത്തിനകത്താണ് ഇന്നു ലോകം കയറിക്കിടക്കുന്നത്. വിശ്വാസികൾക്കു ചുറ്റുമുണ്ടായിരുന്ന വേർപാടിന്റെ മതിൽ ഇന്നു പൊളിഞ്ഞു കിടക്കുകയാണ്. അത് വീണ്ടും പണിയപ്പേടേണ്ടത് അനിവാര്യമായിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്.

ഇന്ന് ആ രക്ഷയിൻ കവചം പണിയപ്പെട്ട് നാമെല്ലാവരും ഒരുമനപ്പിന്റെയും ഐക്യത്തിന്റെയും പാതയിൽ ആയി പിതാവിനോടും പുത്രനോടും നിരപ്പു പ്രാപിച്ച് അവൻ നമ്മിൽ നൽകിയിരിക്കുന്ന മഹത്വം ലോകത്തിന്റെ മുൻപിൽ വെളിപ്പെടുത്താൻ ശ്രമിക്കാം. ഈ വചനങ്ങളാൽ ദൈവത്തിന്റെ അതിപരിശുദ്ധറൂഹാ നമ്മെ സഹായിക്കുമാറാകട്ടെ.

**പരാമർശം :**

എഫേസ്യർ 2:8–9

**"കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിന്നും നിങ്ങൾ കാരണമല്ല. ദൈവത്തിന്റെ ദാനമത്രേയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല."**

**ബ്രദർ. ബിനു ബേബി ആലപ്പുഴ 081**